# അൽ-അനോൺ കുടുംബ കൂട്ടായ്മകൾ

**അൽ-അനോൺ എന്നത്:**

- മറ്റൊരാളുടെ മദ്യപാനം തങ്ങളുടെ ജീവിതത്തെ ബാധിച്ചു എന്ന് വിശ്വസിക്കുന്ന മദ്യാസക്തരുടെ ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും ഒരു **കൂട്ടായ്മ.**

- ആൽക്കഹോളിക്സ് അനോനിമസിന്റെ (എ.എ.യുടെ) പന്ത്രണ്ട് പടികളെ അടിസ്ഥാനമാക്കി സ്വയം **സുഖപ്പെടലിനായുള്ള** ഒരു പരിപാടി.

- തങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അംഗങ്ങൾ അവരുടെ അനുഭവവും ശക്തിയും പ്രതീക്ഷയും പങ്കുവെയ്ക്കുന്ന ഒരു **അനൗദ്യോഗിക** കൂട്ടായ്മ.

- എല്ലാ അൽ-അനോൺ എ.എ. അംഗങ്ങളുടെയും വ്യക്തിപരമായ വിവരങ്ങൾ സുരക്ഷിതമാക്കി കൊണ്ടുള്ള ഒരു **അനാമധേയത്വ** പരിപാടി.

- ഏതു മതത്തിൽ വിശ്വസിക്കുന്നവർക്കും അല്ലാത്തവർക്കും യോജിച്ചു പോകാവുന്ന ഒരു **ആത്മീയ പരിപാടി**.

- മദ്യാസക്തൻ ഇപ്പോഴും മദ്യപിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അവരുടെ കുടുംബങ്ങളെയും, സുഹൃത്തുക്കളെയും സഹായിക്കുക എന്ന **ഏക ലക്ഷ്യം** മാത്രമുള്ള പരിപാടി.

- 1951ൽ നിലവിൽ വന്ന് 104-ൽ പരം രാജ്യങ്ങളിലായി 32000-ത്തിലധികം ഗ്രൂപ്പുകളുള്ള **ലോക വ്യാപകമായ** ഒരു കൂട്ടായ്മ.

- വിദഗ്ധ ചികിത്സയോടൊപ്പം **ഒന്നിച്ചുകൊണ്ടുപോകാവുന്നത്**. അൽ-അനോണിൽ പങ്കെടുത്തതിനു ശേഷം അതിലെ 63%ത്തോളം അംഗങ്ങൾ ചികിത്സക്കോ/ കൗൺസലിങ്ങിനോ വിധേയരായതായി സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു.

- **സൗജന്യമായതും** അംഗങ്ങൾ സ്വയമേവ നൽകുന്ന സംഭാവനകൾ വഴി നിലനിന്നു പോകുന്നതുമാണ്. അംഗത്വത്തിന് യാതൊരു തുകയും ഈടാക്കുന്നതല്ല.

**അൽ-അനോൺ:**

- ഏതെങ്കിലും വിഭാഗം, സമുദായം, കക്ഷിരാഷ്ട്രീയം, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുമായി **ബന്ധപ്പെടുന്നില്ല.**

- അൽ-അനോണിന്റേതല്ലാത്ത വിഷയങ്ങളിൽ അനുകൂലമായോ, പ്രതികൂലമായോ **ഇടപെടുന്നില്ല.**

- എ.എ.യുമായി നാം സഹകരിക്കുന്നുണ്ടെങ്കിൽപോലും രണ്ട് കൂട്ടായ്മകളും പരസ്പരം **കൂടിചേർന്ന് പ്രവർത്തിക്കുന്നില്ല.**

- ഇതിനെ ഒരു മതസ്ഥാപനം, ചികിത്സാലയം, കൗൺസലിങ്ങ് ഏജൻസി അല്ലെങ്കിൽ ഒരു അദ്ധ്യാപന പരിപാടിയായി **പരിഗണിക്കുന്നില്ല.**

- മദ്യാസക്തരല്ലാത്ത, മയക്കുമരുന്ന് ദുരുപയോഗം അല്ലെങ്കിൽ അതുപോലുള്ള മറ്റു വിഷമതകൾ അനുഭവിക്കുന്ന വ്യക്തികളുടെ കുടുംബാംഗങ്ങളെ **ഉദ്ദേശിച്ചിട്ടുള്ളതല്ല.**

- **വിദഗ്ധർ** നയിക്കുന്ന ഒന്നല്ല.

- **വിദഗ്ധചികിത്സക്ക്** ആസൂത്രണം ചെയ്തിട്ടുള്ളതല്ല.

**അൽഅറ്റീൻ എന്നത്:**

- അൽ-അനോണിന്റെ ഭാഗമാണ്.

- മറ്റൊരാളുടെ മദ്യപാനത്താൽ കഷ്ടത അനുഭവിക്കുന്ന കൗമാരക്കാർക്ക് വേണ്ടിയുള്ളത്.

**അൽഅറ്റീൻ ഇതല്ല:**

- മദ്യമുക്തി ആഗ്രഹിക്കുന്ന കൗമാരക്കാർക്കുള്ള പരിപാടിയല്ല.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

15-15 M-44 Printed in India